കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതാ-ശിശു വികസന വകുപ്പ്- 2026-27 സാമ്പത്തിക വർഷത്തിൽ ലിംഗാവബോധ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വനിതാ-ശിശു വികസന (ബി)വകുപ്പ്

**G.O.(Rt)266/2026/WCDD** **Dated,07/08/2026**

---

എ.എസ് നമ്പർ : AS/WCD/26/52271 കാലാവധി : 31/03/2027

പരാമർശം:-
1. വനിത ശിശു വികസന ഡയറക്ടറുടെ 19.05.2026 ലെ DWCD/2588/2026-WEC 2 നമ്പർ കത്ത്.
2. 24.07.2026-ലെ ഒന്നാം വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം.

<u>ഉത്തരവ്</u>

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളെ ചെറുക്കുന്നതിനും, ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിനും, സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനും വ്യാപകമായി ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും സുരക്ഷയ്ക്കുമായി വനിതാ ശിശു വികസന വകുപ്പ് വിവിധ പദ്ധതികളും നിയമങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും പ്രസ്തുത പദ്ധതികളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവർക്ക് വേണ്ട രീതിയിൽ ഇനിയും അറിവ് നൽകേണ്ടതുണ്ട്. ആയതിനാൽ 2026-27 വർഷത്തിലും ലിംഗ അസമത്വം, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ, സ്ത്രീധന ഗാർഹിക പീഡനങ്ങൾ ഇവയ്ക്കെതിരെ സമൂഹത്തിൽ വ്യാപക ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു. സ്ത്രീധനം വാങ്ങുന്നതിലൂടെയും കൊടുക്കുന്നതിലൂടെയും സ്ത്രീയെ വിൽപ്പനച്ചരക്ക് ആക്കുന്നതും, ആയത് മൂലമുള്ള ശാരീരിക മാനസിക പീഡനങ്ങൾ, ആത്മഹത്യകൾ, കൊലപാതകങ്ങൾ, എന്നിവ

AS/WCD/26/52271

തടയുവാൻ വിദ്യാർത്ഥികൾക്കിടയിലും, യുവജനങ്ങൾക്കിടയിലും വ്യാപക ബോധവൽക്കരണ പരിപാടികൾ നടത്തുന്നത് കൂടുതൽ ഫലപ്രദമാകുമെന്ന കണ്ടെത്തലിൽ, സ്കൂളുകൾ വഴിയും കോളേജുകൾ വഴിയും വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ ലഭ്യമാക്കുവാനും, യുവജനങ്ങൾ ഏറെ ആകൃഷ്ടരായ സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുകൾ വഴി ഹ്രസ്വ വീഡിയോകൾ, മ്യൂസിക് ആൽബം, സ്റ്റിക്കേഴ്സ് എന്നിവ വ്യാപകമായി പ്രചരിപ്പിച്ച് സ്ത്രീധനം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവയ്ക്കെതിരെ പ്രവർത്തിക്കുവാൻ തക്കവണ്ണം യുവജനങ്ങളുടെ ചിന്താശേഷിയെ ഉണർത്തേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമായിരിക്കുന്നു. കൂടാതെ പത്രമാധ്യമങ്ങൾ, ജനപ്രിയ മാഗസിനുകൾ, ടെലിവിഷൻ ചാനലുകൾ, വിവിധ FM ചാനലുകൾ, തീയറ്റർ, പൊതുഗതാഗതം എന്നിവ മുഖാന്തിരമുള്ള വ്യാപക ബോധവൽക്കരണ-പരസ്യ പ്രചാരണ പരിപാടികൾ നടത്തുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുജനങ്ങൾക്കിടയിലും Gender Awareness Programmes, വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് ജനങ്ങൾക്കിടയിൽ സന്ദേശങ്ങൾ എത്തിക്കുക, പൊതു സ്ഥലങ്ങളിൽ സ്ഥിരം ഹോഡിങ്ങുകൾ സ്ഥാപിക്കൽ, പൊതുഗതാഗത സംവിധാനങ്ങളിൽ POSH ACT, Child Marriage, എന്നിവ സംബന്ധിച്ച സ്റ്റിക്കറുകൾ പതിപ്പിക്കുക, Women Work Participation, POSH ACT, Child Marriage, Domestic Violence Act, Dowry Prohibition Act, Cyber Crime, Inheritance and Marriage Laws, സ്ത്രീസുരക്ഷാ നിയമങ്ങൾ ശക്തമാക്കുക, അനുകൂല തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുക, തൊഴിലിടങ്ങളിലെ സുരക്ഷിതത്വം, സ്ത്രീകൾക്കെതിരായുള്ള മറ്റ് അതിക്രമങ്ങൾ തുടങ്ങിയവയിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന നിയമങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുവാൻ വിവിധ പത്ര മാധ്യമങ്ങളിലൂടെയും, ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകൾ മുഖേനെയുമുള്ള വ്യാപക പ്രചരണം, IEC മെറ്റീരിയൽസ് തയ്യാറാക്കൽ, വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ക്ലാസ്സുകൾ, സെമിനാറുകൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കൽ, വിവിധ അവബോധ ക്ലാസ്സുകൾ/ ട്രെയിനിംഗുകൾ കൈപ്പുസ്തകങ്ങൾ / ബ്രോഷർ എന്നിവ തയ്യാറാക്കൽ, സെമിനാറുകൾ, ഷോർട്ട് ഫിലിംസ് വീഡിയോ ക്ലിപ്പ് /ആനിമേഷൻ വിഡിയോസ് എന്നിവ നിർമ്മിച്ച് പ്രചരിപ്പിക്കൽ, സ്പോൺസർ പരിപാടികൾ സംഘടിപ്പിക്കൽ, ചുമർ ചിത്ര രചന തുടങ്ങി മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനായി 2026-27 വർഷത്തിലേയ്ക്ക് 2,00,00,000 രൂപ (രണ്ട് കോടി രൂപ മാത്രം) ആവശ്യമായി വരുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സമൂഹ മാധ്യമങ്ങളിലും ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലും പ്രചരണം, തീയറ്റർ പരസ്യം എന്നിവ സംഘടിപ്പിക്കുന്നതിന് | 7000000 |

AS/WCD/26/5227/1

| | |
|---|---|
| ഈ മേഖലയിൽ വിവിധ തരത്തിലുള്ള പഠനങ്ങൾ റിസർച്ച് എന്നിവ സംഘടിപ്പിക്കുന്നതിന് | 2000000 |
| IEC Materials, Booklet, Pamphlet, Brochure, Books, Handbook, poster ഇവയുടെ പ്രിന്റിംഗ്, ഹോർഡിങ്ങുകൾ സ്ഥാപിക്കൽ | 1000000 |
| Conference, Seminar, Workshop, Film festival, Exhibition, എന്നിവ സംഘടിപ്പിക്കുന്നതിന് | 3500000 |
| Short film, Animated Video, Music Albums, Advertisement എന്നിവ സംഘടിപ്പിക്കുന്നതിന് | 5000000 |
| വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നതിന് | 1500000 |
| ആകെ | 20000000 |

മേൽ വിവരിച്ച ഇനങ്ങളിൽ പരാമർശിത തുക തികയാതെ വരുന്ന പക്ഷം മേൽ പട്ടികയിലെ ഇതര വിഭാഗങ്ങളിൽ നിന്നും ആവശ്യാനുസരണം അടങ്കൽ തുകയായ രണ്ട് കോടി രൂപ അധികരിക്കാതെ വിനിയോഗിക്കുന്നതാണെന്നും മേൽ വിവരിച്ച ഇനങ്ങൾ വകുപ്പ് പ്രസിദ്ധീകരിക്കുന്ന IEC കലണ്ടർ പ്രകാരം സംഘടിപ്പിക്കുന്നതിനായും പ്ലാൻ റൈറ്റപ്പിലെ വനിതാ ശിശു വികസന പരിപാടികളിലെ കംപോണന്റ് 3 ലെ സ്ത്രീ ശാക്തികരണ പരിപാടികളും വനിതാ ക്ഷേമ സ്ഥാപനങ്ങളും ഘടകത്തിൽ ഉൾപ്പടുത്തി 2026-27 സാമ്പത്തിക വർഷത്തെ 2235–02–103–68–03(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്നും 2,00,00,000/- രൂപ (രണ്ട് കോടി രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് വനിതാ-ശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) 24.07.2026-ഒന്നാം വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പ്രസ്തുത ശിപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ലിംഗാവബോധ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന് പ്ലാൻ റൈറ്റപ്പിലെ വനിതാ ശിശു വികസന പരിപാടികളിലെ കംപോണന്റ് 3 ലെ സ്ത്രീ ശാക്തീകരണ പരിപാടികളും, വനിതാ ക്ഷേമ സ്ഥാപനങ്ങളും ഘടകത്തിൽ ഉൾപ്പെടുത്തി 2026-27 സാമ്പത്തിക വർഷത്തെ 2235–02–103–68–03(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്നും 2,00,00,000/- (രണ്ട് കോടി രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

AS/WCD/26/5271

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-03-00-0-P-V | 2,00,00,000 | AS/WCD/26/52271 | 2027-03-31 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | 2026 27 ലിംഗാവബോധ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നത് ഭരണാനുമതി | 2,00,00,000 |
| ആകെ (രണ്ട് കോടി രൂപ) | | **2,00,00,000** |

AS/WCD/26/52271

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,
അഡീഷണൽ സെക്രട്ടറി
Women and Child Development

വനിത ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വനിതശിശു വികസന (എ) വകുപ്പ്.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,
SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.08.11 12:56:13 +05:30